മിസ്റ്റർ സി. വി. ഇയ്യു: മലയാളഭാഷാപുസ്തകത്തിൽ മുഹമ്മദ് നിബിയുടെ ചിത്രം ചേർത്തതിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുണ്ടോ ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: മുഹമ്മദ് നിബിയുടെ ഛായ ചേർത്തിട്ടുണ്ടായിരുന്നു. അതു് എന്റെ അറിവോടുകൂടിയാണു്. അതു ചേർത്തതിനുള്ള ഉത്തരവാദിയും ഞാനാണു്. ക്രിസ്തു, ബുദ്ധൻ മുതലായവരുടെ ഛായ എഴുതി ചേർത്തിട്ടുള്ളതുപോലെ നിബിയുടേയും ഒരു ഛായ സങ്കല്പിച്ചു് എഴുതി ചേർത്താൽ നന്നായിരിക്കുമെന്നു് എനിക്കു തോന്നി. ചേർത്തതിനു ശേഷമാണു് മതവിരുദ്ധമാണെന്നു മനസ്സിലായതു്.

മിസ്റ്റർ സി. വി. ഇയ്യു: ആ സ്ഥിതിക്കു് അതിൽ ഒരു മുസ്ലിം മെമ്പർകൂടി ഉണ്ടായിരിക്കുന്നതു നല്ലതല്ലേ ?

മിസ്റ്റർ സി. കെ. നായർ: മലയാളഭാഷ അറിയാവുന്ന കുറെ ആളുകളെക്കൂടി ചേർത്താൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

56. മിസ്റ്റർ സി. കെ. നായർ:

(എ) ഫ ഫ ഫ വ-നു ശേഷം പാഠപുസ്തകസമിതി അംഗീകരിച്ചിട്ടില്ലാത്ത ഏതെങ്കിലും പുസ്തകം ഈ വിദ്യാലയവർഷത്തിൽ കൊച്ചിയിലെ വിദ്യാലയങ്ങളിൽ പാഠപുസ്തകമാക്കീട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ:

(എ) ഉവ്വു്.

(ബി) ലിസ്റ്റു് താഴെ ചേർക്കുന്നു.

1.	The Madras S. S. L. C. Selection for 1943	Form VI English Detailed.
2.	Madras S. S. L. C. Selections for 1943	Form V and VI Tamil Detailed.
3.	Khalaka Tamil Padhathiruthi Book I	Form IV Tamil Detailed.
4.	Khalaka Tamil Patam Book 3	Form III do.
5.	Do. 2	Form II do.
6.	Do. 1	Form I do.
7.	Rural Reconstruction in Tamil	Form VI Tamil Non-detailed.
8.	Gopal Krishna Gokhale by M.S. Sabhesan, M.A.	Form V do.
9.	Chakravarthikal Kathai	Form IV do.
10.	Abraham Lincoln	Form III do.
11.	Veemabathu Veeram	Form II do.
12.	Madras University S. S. L. C. Selections for 1943	Form VI Sanskrit Detailed.
13.	Quira-athul Rashida Part 3	Form VI Arabic
14.	Annahavul Wadih Part 3 by Ali Jarim	Form VI Arabic Grammar.
15.	Quira-athul Rashida Part 2	Form V ,, Detailed.
16.	Annahavul Wadih Part II by Ali Jarim	Form V ,, Grammar.
17.	Quira-athul Rashida Part II	Form IV ,, Detailed.
18.	Annahavul Wadih Part III by Ali Jarim	Form IV ,, Grammar.
19.	Thuhafathul Thalibeen by E. K. Maoulavi	Form IV and V ,, Non-detailed.
20.	Kitabul Lugha by E. K. Moulavi	Form I ,, Detailed.
21.	Amaliath	Class 4 Arabic Detailed.
22.	Deniath	Class 3 ,, Detailed.
23.	Addurusal Arabiya Book 3	Form III Detailed.
24.	Do. Book 2	Form II Detailed.
25.	Madras University S. S. L. C. Selections for 1943	Form VI French ..
26.	Madras University S. S. L. C. Selections for 1943	Form VII Latin ..

മിസ്റ്റർ സി. കെ. നായർ: ടെക്സ്റ്റ് ബുക്ക കമ്മിറ്റി പരിശോധിക്കാതെ പതിവില്ലാത്ത പുസ്തകങ്ങളല്ലെ ഇവയത്രയും ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: എസ്സ്. എസ്സ്. എൽ. സി. ക്കുള്ള പുസ്തകങ്ങളൊന്നും സാധാരണ ടെക്സ്റ്റ്ബുക്കുകമ്മിറ്റി പരിശോധിക്കാറില്ല.

മിസ്റ്റർ സി. കെ. നായർ: ടെക്സ്റ്റ്ബുക്കുകമ്മിറ്റി പരിശോധിച്ചല്ലാതെ സ്വീകരിക്കുവാൻ പാടില്ലെന്നുള്ള വിഭാഗത്തിൽ പെടുന്നവയെ ഇക്കൊല്ലത്തിൽ പാഠപുസ്തകങ്ങളായി വെച്ചിട്ടുണ്ടോ കൊച്ചിയിൽ ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib I. N. Menon *(Director of Public Instruction)*: I do not want my ignorance on the subject to be construed as any weakness on the part of the authorities.

ഇതിൽ ചേത്തിട്ടുള്ള ലിസ്റ്റ് പരിപൂർണ്ണമാണൊ എന്നു പറയുവാൻ സാദ്ധ്യമല്ല. ഇതിൽ വല്ല വീഴ്ചകളും വന്നിട്ടുണ്ടോ എന്നും പറയുവാൻ സാദ്ധ്യമല്ല. ടെക്സ്റ്റ്ബുക്ക കമ്മിറ്റിയിൽ പെട്ട ആളുകളും ഇവിടെയില്ല. ഡയറക്ടരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ടെക്സ്റ്റ്ബുക്ക കമ്മിറ്റിയുമായി എനിക്ക യാതൊരു ബന്ധവുമില്ല. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള മറുപടികളെല്ലാം ഈ കടലാസ്സിൽ കാണുന്നതിനെ അടിസ്ഥാനമാക്കിയാണ്. If the Hon'ble Member wants any other information I want notice.

Mr. C. K. Nayar *(Nemmara)*: What is the position of Government, I want to know?

Mr. C. J. Mathew *(Joint Secretary to Government)*: Let me know on what exact point you want information?

മിസ്റ്റർ സി. കെ. നായർ: ഉപദേശകസമിതി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളും ഈ കൊല്ലത്തിനകത്തു പാഠപുസ്തകസമിതി സ്വീകരിച്ചുവയായിരിക്കണമെന്ന നിയമമുണ്ട്. എന്നാൽ നിയമത്തിനു വിരുദ്ധമായി ഏതെങ്കിലും പുസ്തകങ്ങളും ഈ കൊല്ലത്തിൽ പാഠപുസ്തകമാക്കുവാൻ സമിതി ശുപാർശചെയ്യുയോ, ഗവണ്മെണ്ടു അതു് അംഗീകരിക്കുകയൊ ചെയ്തിട്ടുണ്ടോ?

Rama Varmha Tampuran *(Secretary to Government)*: We should enquire and find out.

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഇതിനു പറയുവാനുള്ള മറുപടി ഇതാണ്. നിയമപ്രകാരം ചെയ്യുവാൻ പാടില്ല. അങ്ങിനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതു വീഴ്ചതന്നെയാണ്. ആ വിവരം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ അന്വേഷിക്കുവാൻ തയ്യാറാണ്.

മിസ്റ്റർ സി. കെ. നായർ: ആർ. ദേവരാജയ്യർ ബി. എ. യാൽ എഴുതപ്പെട്ട ഈ പുസ്തകം ഫ ഫ ര-ലെ ആദ്യത്തെ ടെക്സ്റ്റ്ബുക്ക കമ്മിറ്റി നമ്മുടെ ആവശ്യങ്ങൾക്കു പറ്റിയതല്ലെന്നു പറഞ്ഞു തള്ളിക്കളഞ്ഞിട്ടുള്ളതാണ്. ഇതു് ഈ കൊല്ലത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

Mr. C. J. Mathew *(Joint Secretary to Government)*: These are details about which the Hon'ble Member may put questions and we will be able to answer at the next sitting.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ചോദ്യം ഇനിയത്തെ കൌൺസിലിലും വരുമൊ?

മിസ്റ്റർ സി. കെ. നായർ: ഞാൻ എഴുതി അയക്കാം.

HINDI—TEACHING OF

57. മിസ്റ്റർ സി. കെ. നായർ:

താഴെ ചേർക്കുന്ന ചോദ്യത്തിനു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

കൊച്ചിയിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ ഹിന്ദി പഠിപ്പിക്കുന്നുണ്ടെന്നു പറയുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ:

ക. ഹൈസ്കൂൾ, തിരുവില്വാമല.
ഖ. ടി ഒല്ലൂർ.
ഗ. ടി കണ്ടശ്ശാംകടവു്.
ഘ. ടി കുന്നംകുളം.
ങ. ടി ഇരിങ്ങാലക്കുട.
ച. ടി ചിറ്റൂർ.
ഛ. ടി തൃശ്ശിവപേരൂർ.
ജ. സി. എൻ. എൻ. ഹൈസ്കൂൾ, ചേർപ്പു്.
ഝ. സി. എം. എസ്സ്. ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ഞ. സെൻറ് തോമസ്സ് ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ട. വിവേകോദയം ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ഠ. എസ്സ്. ആർ. കെ. ജി. വിദ്യാമന്ദിരം, വിലങ്ങൻസ്.
ഡ. സെൻറ് അൻറണീസ്സ് ഹൈസ്കൂൾ, പുതുക്കാട്.
ഢ. എസ്സ്. കെ. ഹൈസ്കൂൾ, നല്ലേപ്പിള്ളി.
ണ. ടി. ഡി. ഹൈസ്കൂൾ, കൊച്ചി.
ത. സെൻറ് പീറേഴ്സ് ഹൈസ്കൂൾ, കമ്പളങ്ങി.

LIBRARY ARCHIVES Kerala Legislative Assembly